# ഇതാ ഒരു തെങ്ങുകയറ്റക്കാരി



ലത തെങ്ങുകയറ്റ പരിശീലന ക്ലാസിൽ പങ്കെടുത്തപ്പോൾ

വി യു രാധാകൃഷ്ണൻ
9495420479

തൃശൂർ ജില്ലയിലെ വടക്കനതിർത്തിയിലുള്ള വരവൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കുമരപ്പനാലിൽ ചെല്ലൂ. ഏത് മൂലയിൽ പോയും ചോദിക്കൂ, ലത എന്ന തെങ്ങുകയറ്റക്കാരിയെ അറിയുമോ എന്ന്. ഉടനടി മറുപടി ലഭിക്കും 'പിന്നേ'....

ദിനംതോറും 40-50 വരെ തെങ്ങുകൾ കയറിയിറങ്ങി തേങ്ങയിട്ട് തൊഴിലിന്റെ മഹത്വം പകരുകയാണ് ഈ നാൽപ്പതുകാരി.

ഒറ്റു നാടൻപണികളുമായി ഒതുങ്ങി ജീവിക്കുകയായിരുന്ന ലത യാദൃച്ഛികമായിട്ടാണ് തെങ്ങുകയറ്റം സ്ഥിരം തൊഴിലായി സ്വീകരിച്ചത്. പെരിങ്ങണ്ടൂർ സഹകരണബാങ്കും നാളികേര വികസന ബോർഡും സഹകരിച്ച് നടത്തിവരുന്ന 'ചങ്ങാതിക്കൂട്ടം' എന്ന തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ പങ്കെടുക്കാനായത് വഴിത്തിരിവായി. അഞ്ച് ദിവസം നടന്ന പരിശീലനത്തിലൂടെ തെങ്ങുകയറ്റത്തിന്റെ ചവിട്ടുപടികൾ കയറി. ആത്മധൈര്യത്തിന്റെ പിൻബലവും ഏത് തൊഴിലിനും അതിന്റേതായ അന്തസുണ്ടെന്ന ബോധ്യവും ലതയുടെ ജീവിത വഴിയിൽ പ്രകാശമായി.

ആദ്യഘട്ടത്തിൽ ആളുകൾ സംശയത്തോടെയായിരുന്നു ഇതിനെ നോക്കിക്കണ്ടിരുന്നത്. എന്നാൽ, പണിയുടെ കൃത്യതയും പാകതയും ബോധ്യപ്പെട്ടപ്പോൾ അവരുടെ സമീപനം പാടേ മാറി. രോഗിയായ ഭർത്താവും പണിതീരാത്ത വീടും പഠിച്ചുകൊണ്ടിരിക്കുന്ന രണ്ടു മക്കളും ഉൾപ്പെടുന്ന വലിയ ഉത്തരവാദിത്തം ഒരു ഭാരമായിരുന്നുവെങ്കിൽ ഇന്ന് അങ്ങിനെയല്ല. കുമരപ്പനാലിലെ ഓരോ തെങ്ങിന്റെയും മുകളിലേക്ക് തളപ്പിട്ട് കയറുമ്പോൾ ജീവിതത്തിൽ പ്രതീക്ഷയുടെ നാമ്പുകൾ വളരുകയായിരുന്നു. ഒരു തെങ്ങിന് 20-25 രൂപ കൂലി ലഭിക്കുന്നുണ്ട്. അത്യാവശ്യം വീട്ടുസാധനങ്ങൾ വാങ്ങി സ്വസ്ഥമായി കഴിയുന്നു. തിരക്ക് ഒഴിവാക്കാനും കുറച്ച് ദൂരെയായാലും വിളിക്കുമ്പോൾ എത്താനും വേണ്ടി ഒരു ഇരുചക്രവാഹനം വാങ്ങണമെന്ന മോഹത്തിലാണിപ്പോൾ ലത. സ്ത്രീകൾക്ക് ധൈര്യപൂർവം ഇറങ്ങാവുന്ന മേഖലയാണിതെന്ന് സ്വന്തം അനുഭവത്തിലൂടെ തെളിയിച്ച ലത ഈ മേഖലയിലേക്ക് പുതിയതായി സ്ത്രീകളെ കൊണ്ടുവരാനുള്ള ശ്രമത്തിലുമാണ്.

അത്രയ്ക്കൊന്നും ആയാസമില്ലാതെ, യന്ത്രത്തിന്റെ സഹായത്താൽ തെങ്ങുകയറാമെന്നും കേവലം മണിക്കൂറുകൾകൊണ്ടുതന്നെ പണിചെയ്ത് തീർക്കാമെന്നും തൊഴിൽ സുസ്ഥിരത വളരെ കൂടുതലാണെന്നും ലത ഉറപ്പിച്ചുപറയുമ്പോൾ നിരവധി പേർക്ക് ഇത് വാതായനമാകുകയാണ്.